കാർഷിക സർവ്വകലാശാലയിലെ ടീച്ചിംഗ് സ്റ്റാഫ് ജനകീയാസൂത്രണം സംബന്ധിച്ച പദ്ധതികൾ നടപ്പാക്കുന്നതിന് കൈപ്പറ്റിയ തുക

94 (2543) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കാർഷിക സർവ്വകലാശാലയിലെ ടിച്ചിംഗ് സ്റ്റാഫ് ജനകീയാസൂത്രണം സംബന്ധിച്ച പദ്ധതികൾ നടപ്പാക്കുന്നതിന് ഭീമമായ തുക കൈപ്പറ്റിയിരുന്നുവോ ;

(ബി) എങ്കിൽ ആരെല്ലാം എത്ര തുക വീതം കൈപ്പറ്റിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം തുക കൈപ്പറ്റുന്നതിന് സർവ്വകലാശാലയുടെ അനുമതി ഉണ്ടായിരുന്നുവോ ;

(ഡി) ഇല്ലാത്ത പക്ഷം ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെമേൽ എന്ത് നടപടിയെടുത്തു ;

(ഇ) ആർക്കെല്ലാം എതിരെ വിജിലൻസ് അന്വേഷണത്തിന് തീരുമാനമെടുത്തു ;

(എഫ്) അതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുമോ ;

(ജി) എങ്കിൽ അപ്രകാരം ആവശ്യപ്പെട്ട കത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(എച്ച്) അവർക്ക് എതിരെയുള്ള വിജിലൻസ് അന്വേഷണം ഏത് സ്റ്റേജിലിരിക്കുന്നു ;

(ഐ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കൈപ്പറ്റിയ തുക ചെലവാക്കിയത് സംബന്ധിച്ച വൗച്ചർ ആരെല്ലാം തരാനുണ്ട് ; ഇവരിൽനിന്ന് തുക തിരിച്ച് വാങ്ങിയോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ജനകീയാസൂത്രണ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പരിശീലനം നല്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡിൽ നിന്ന് 15 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സെൽ രൂപീകൃതമായതിനെ തുടർന്ന് അതിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയിലുള്ള ശാസ്ത്രജ്ഞന് ടി തുക കൈമാറിയിട്ടുണ്ട്.

(സി) ഉണ്ടായിരുന്നു.

(ഡി) (സി) പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ-ജി) കാർഷിക സർവ്വകലാശാലയിൽ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയതിലുള്ള സാമ്പത്തിക ഇടപാടുകൾ സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധിച്ചതിൽ പദ്ധതി നടപ്പിൽ സാമ്പത്തിക ക്രമക്കേടുകളും ഫണ്ട് തിരിമറിയും നടത്തിയതായി കണ്ടെത്തിയിട്ടുള്ളതു. കാർഷിക സർവ്വകലാശാലയിലെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(എച്ച്) അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്റ്റേജ് അറിയിക്കുവാൻ വിജിലൻസ് വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഐ) ജനകീയാസൂത്രണ സെല്ലിന്റെ പ്രോജക്ട് കോ-ഓർഡിനേറ്റർ ഡോ. സുബ്രഹ്മണ്യ അയ്യർ ചെലവാക്കിയ തുകയുടെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. ഈ ഉദ്യോഗസ്ഥർ അന്വേഷണ വിധേയമായി സസ്പെൻഷനിൽ പോയതിനാൽ ടി പദ്ധതിയുടെ മേൽനോട്ടം വഹിച്ചിരുന്ന ഡയറക്ടർ ഓഫ് എക്സ്റ്റൻഷനിൽ നിന്ന് മറുപടി ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. സുബ്രഹ്മണ്യ അയ്യർ 3,72,377 രൂപ സർവ്വകലാശാലയിൽ തിരികെ അടച്ചിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് തുക വാങ്ങിയതിലുള്ള ക്രമക്കേടുകൾ

95 (2544) ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഫണ്ടിലെ ക്രമക്കേടുകൾ സംബന്ധിച്ച് ആർക്കെല്ലാം ഷോക്കോസ് നോട്ടീസ് നല്കിയിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) എന്തെല്ലാം കാര്യങ്ങൾ സംബന്ധിച്ചാണ് ഷോക്കോസ് നോട്ടീസ് നല്കിയത് ;

(സി) പ്രസ്തുത നോട്ടീസിന് ഏത് തീയതിക്കുള്ളിൽ മറുപടി നല്കണമെന്നാണ് ആവശ്യപ്പെട്ടത് ;

(ഡി) അതനുസരിച്ച് മറുപടി നല്കിയോ ;

(ഇ) ഇല്ലെങ്കിൽ എന്തെല്ലാം അന്തര നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഷോക്കോസ് നോട്ടീസിന്റെയും മറുപടികളുടെയും കോപ്പി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly